Santhigiri

# ഉമ്മിണിതങ്കം

VOL 04 | ISSUE 43 | 2018 ഒക്ടോബർ 14 | 1194 കന്നി 28

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

ഒരു സന്ന്യാസിയെ ഒരിക്കലും കുറ്റം പറയരുത്. ഒന്നുമില്ലെങ്കിലും അവൻ കുറെ ത്യാഗം സഹിച്ചവനാണ്. സന്ന്യാസിയുടെ ത്യാഗംകൊണ്ട് ഏതൊരു കാര്യത്തിനും പൂർണ്ണമായ ഒരു നേട്ടമുണ്ട്. അതിനെക്കുറിച്ചൊരു ധാരണയുണ്ടായാൽ നിങ്ങളുടെ സന്താനങ്ങളിൽ ഭാഗ്യവും ഐശ്വര്യവും വന്നുചേരും. അതായത് സന്ന്യാസിയുടെ ത്യാഗത്തെ മാനിച്ചെടുത്താൽ അതിന്റെ നേട്ടം ഗൃഹസ്ഥാശ്രമികൾക്കാണ്.

# സന്ന്യാസദീക്ഷാ വാർഷികം ഒക്ടോബർ 19 ന്



*സന്ന്യാസദീക്ഷാവാർഷികം സത്സംഗത്തിന്റെ ഉദ്ഘാടനചടങ്ങിൽ നിന്ന്*

**സ്പിരിചൽ സോൺ:** മുപ്പത്തിനാലാമത് സന്ന്യാസദീക്ഷാ വാർഷികം ഒക്ടോബർ 19 വെള്ളിയാഴ്ച ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ പ്രാർത്ഥനാപൂർവ്വം ആശ്രമത്തിൽ നടക്കും. രാവിലെ 7 മണിക്ക് സന്ന്യാസിസന്ന്യാസിനിമാരുടെ പ്രത്യേക പുഷ്പസമർപ്പണം ഉണ്ടായിരിക്കും. 12 മണിക്ക് ആരാധന, ഗുരുപൂജ, ശേഷം സന്ന്യാസിസന്ന്യാസിനിമാർക്കുള്ള വിവിധ സമർപ്പണങ്ങൾ, ഉച്ചയ്ക്ക് ഗുരുദർശനം, വൈകുന്നേരം ഏഴു മണിക്ക് സന്ന്യാസസംഘത്തിന്റെ ദീപപ്രദക്ഷിണം എന്നിവയാണ് പ്രധാന ചടങ്ങുകൾ. രാവിലെ 9 മണിക്ക് കുരുന്നുകളുടെ വിദ്യാരംഭ ചടങ്ങും നടക്കുന്നതാണ്.

1984 ഒക്ടോബർ നാല് വ്യാഴാഴ്ച വിജയദശമി ദിനത്തിലാണ് ശാന്തിഗിരിയിലെ പ്രഥമ സന്ന്യാസദീക്ഷാ കർമ്മം നടന്നത്. മുപ്പത്തിയൊന്ന് സ്ത്രീപുരുഷന്മാരടങ്ങുന്ന ഒരു സംഘം ശിഷ്യർക്ക് സന്ന്യാസദീക്ഷ നൽകിക്കൊണ്ടാണ് ഗുരു ആ ചരിത്രസംഭവം നിർവഹിച്ചത്. അതേതുടർന്ന് എല്ലാവർഷവും വിജയദശമി നാളിൽ ശാന്തിഗിരിയിൽ സന്ന്യാസദീക്ഷാ വാർഷികം സമുചിതമായി ആഘോഷിച്ചുവരുന്നു.

സന്ന്യാസദീക്ഷയോടൊപ്പം വസ്ത്രദീക്ഷയും ദീക്ഷാനാമവും നല്കപ്പെട്ടു. പുരുഷന്മാർക്ക് “ജ്ഞാനതപസ്വി” എന്നും സ്ത്രീകൾക്ക് “ജ്ഞാനതപസ്വിനി” എന്നും ചിഹ്നനം ചെയ്ത നാമമാണ് നല്കപ്പെട്ടത്.

ത്രികാലങ്ങളെയും കണ്ടുതെളിവാർന്നു സത്യവും ജ്ഞാനവും സ്നേഹവും കാരുണ്യവും സർവോപരി ഭാഗ്യവും സമ്പൂർണ്ണമായി വിളങ്ങിനില്ക്കുന്ന ഗുരുവിന്റെ സൂക്ഷ്മസാന്നിദ്ധ്യത്തിൽ സാഷ്ടാംഗം നമിച്ച് ആത്മശുദ്ധിക്കുള്ള മാർഗം സുനിശ്ചിതമാക്കുന്ന സന്ന്യാസിനീസന്ന്യാസിമാരുടെ സമാജത്തിന് “ഗുരുധർമ്മപ്രകാശസഭ” എന്നു ഗുരു നാമകരണം ചെയ്തു.

സന്ന്യാസിയും ഗൃഹസ്ഥാശ്രമിയും അവരവരുടെ ജീവിതസരണികളിൽ പരിശുദ്ധിയുള്ളവരായിരിക്കണം. ആ ലക്ഷ്യത്തോടെയാണ് ഗുരു, “ഗുരുധർമ്മപ്രകാശസഭ” സ്ഥാപിച്ചത്. സന്ന്യാസിക്ക് മാർഗ്ഗം തെറ്റിപ്പോയാൽ ധർമ്മലോപം സംഭവിക്കുന്നത് ഗൃഹസ്ഥാശ്രമിക്കാണ്. ഗൃഹസ്ഥാശ്രമി ഒരിക്കലും സന്ന്യാസിയെ നിന്ദിക്കാൻ ഇടവരരുത്. സന്ന്യാസിയുടെ യോഗ്യതയിലൂടെ സംരക്ഷിക്കപ്പെടേണ്ട ധാർമ്മികവശത്തിന്റെ സൂക്ഷിപ്പ് സന്ന്യാസിക്ക് എന്നതിലുപരി ഗൃഹസ്ഥാശ്രമിക്കാണുണ്ടായിരിക്കേണ്ടത്.

സന്ന്യാസി, ധർമ്മം ഉപദേശിക്കേണ്ട ആളാണ്. ഗൃഹസ്ഥാശ്രമി സന്ന്യാസതുല്യമായ ധന്യതയോടുകൂടി ഗൃഹധർമ്മം പുലർത്തണം. സന്ന്യാസി കർമ്മത്തിന്റെ മാർഗ്ഗം ഉപദേശിക്കുമ്പോൾ ഗൃഹസ്ഥാശ്രമി ആ കർമ്മം ചെയ്തെടുത്ത് കർമ്മശേഷി ആർജ്ജിച്ച് പുണ്യവും ഭാഗ്യവും സമ്പാദിക്കുന്നു. അങ്ങനെ സന്ന്യസ്തഗാർഹസ്ഥ്യശ്രേണികൾ ഒരുമിച്ചുചേർത്ത് ധർമ്മത്തെ സംരക്ഷിക്കണം. ആകാശം പോലെ തെളിഞ്ഞ മനസ്സുള്ള അച്ഛനും ഘനപ്പെട്ട വാക്കുകളാൽ കുടുംബത്തിന് അർത്ഥവും ഐശ്വര്യവും പകരുന്ന അമ്മയും ചേർന്ന ഗൃഹസ്ഥാശ്രമവൃത്തിയിൽ നിന്ന് ആത്മപ്രഭാവത്താൽ ഔന്നത്യം പ്രാപിക്കേണ്ട സന്ന്യാസി ഉദയം ചെയ്യണം.

കാലാനുസൃതമായ ധർമ്മത്തെ എക്കാലവും ബ്രഹ്മത്തിന്റെ ഇച്ഛയ്ക്കൊത്ത് പരിപാലിച്ച് ലോക ധർമ്മഗതിയെ ശുദ്ധീകരിക്കുക എന്ന ഉത്തരവാദിത്തമാണ് ഗുരുധർമ്മപ്രകാശസഭയിൽ നിക്ഷിപ്തമായിരിക്കുന്നത്. സന്ന്യാസി എങ്ങനെ മാനിക്കപ്പെടണം എന്ന് സന്ന്യാസിയും സന്ന്യാസിയെ എങ്ങനെ മാനിക്കണമെന്ന് ഗൃഹസ്ഥാശ്രമിയും അറിഞ്ഞ് ജീവിക്കുന്ന സഹിഷ്ണുതാബോധത്തിന്റെ ഏറ്റവും മഹത്തായ കാഴ്ചപ്പാടാണ് ശാന്തിഗിരിയിലെ സന്ന്യാസദീക്ഷയിൽ അന്തർഹിതമായിരിക്കുന്ന തത്വദീക്ഷ.

ശരീരവും മനസ്സും ബുദ്ധിയും ഹൃദയവും സുസ്ഥിരമാക്കി അന്തഃകരണത്തെ അനുഭൂതിധന്യമാക്കി ജീവിതപ്രയാണത്തിന്റെ ആത്മകഥ രചിക്കുന്ന മഹത്വമാണ് സന്ന്യാസിസന്ന്യാസിനിമാർ. മനുഷ്യർ ആശ്രയത്തിനുവേണ്ടി കേഴുമ്പോൾ അനർഘസ്മൃതികളിലെ ഏകാന്തവിശുദ്ധിപോലെ പരിഹാരത്തിനായി അവർ നിലകൊള്ളുന്നു. ഋഷീശ്വരാവസ്ഥയാണ് സന്ന്യാസിമാരുടെ അന്തിമഭാവം. തർജ്ജമയ്ക്ക് വഴങ്ങാത്ത ശുഭമംഗളങ്ങൾപോലെ സദാ അവർ സ്നേഹമുഗ്ദ്ധമായ അവസ്ഥയിലേക്ക് ഉണരണം എന്നാണ് സങ്കല്പം. ലോകത്തിലെ ഒരു ശിഷ്യപരമ്പരയും ഒരിക്കലും ജീവിച്ചിട്ടില്ലാത്തത്ര കർമ്മസാന്ദ്രമായി അവർ ജീവിക്കണം എന്നാണ് ലക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

കാരുണ്യവാരിധിയായ ഗുരുവിന്റെ കാരുണ്യപൂർവമായ കടാക്ഷം ഗുരുധർമ്മപ്രകാശസഭയിലെ ഓരോ അംഗത്തിന്റെയും ഉത്കർഷങ്ങൾക്കുള്ള പ്രചോദനമായിത്തീരട്ടെ എന്ന് ശാന്തിഗിരി ഗൃഹസ്ഥാശ്രമ സമൂഹവും തങ്ങളുടെ പ്രാർത്ഥന ഗുരുപാദപീഠത്തിൽ ഓരോ വാർഷികാഘോഷ സന്ദർഭത്തിലും സമർപ്പിക്കുന്നു. ഗുരുവിന്റെ ഓരോ സന്ന്യസ്തശിഷ്യരുടെയും ജീവസ്സുറ്റ കർമ്മയോഗം ഏത് പ്രക്ഷുബ്ധമായ കാലഘട്ടങ്ങളിലൂടെയും ബ്രഹ്മം കാത്തുസൂക്ഷിക്കുക തന്നെ ചെയ്യും.

## സത്സംഗം ആരംഭിച്ചു

**സ്പിരിചൽ സോൺ:** മുപ്പത്തിനാലാമത് സന്ന്യാസദീക്ഷാ വാർഷികത്തിന്റെ ഭാഗമായുള്ള ഒൻപത് ദിവസത്തെ സത്സംഗം ഒക്ടോബർ പത്തിന് ആരംഭിച്ചു. സ്പിരിചൽ സോൺ ഓഡിറ്റോറിയത്തിൽ വൈകുന്നേരം എട്ടു മണി മുതൽ 9 വരെയാണ് സത്സംഗം നടക്കുന്നത്. ഉദ്ഘാടന ദിവസം നടന്ന സത് സംഗത്തിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ഈ ലോകത്ത് ഇന്നുവരെ വന്നിട്ടുള്ള സകലവിധ സന്ന്യാസ പരമ്പരകൾക്കും തിരുത്തും പൂർണ്ണതയുമായിട്ടാണ് ശാന്തിഗിരിയിലെ സന്ന്യാസസംഘത്തിന് ഗുരു രൂപം നല്കിയിരിക്കുന്നതെന്ന് സ്വാമി ചൈതന്യ ജ്ഞാനതപസ്വി ചൂണ്ടിക്കാട്ടി. ഇരുപത്തിയഞ്ച് ചതുർയുഗങ്ങളായി നടക്കാതെ പോയ പൂർത്തീകരണം ഗുരുവിലൂടെ പൂർത്തിയായതുകൊണ്ടാണ് ഗുരുധർമ്മപ്രകാശസഭയ്ക്ക് ഈ പൂർണ്ണത കൈവന്നത്. സന്ന്യാസിയും ഗൃഹസ്ഥാശ്രമിയും പരസ്പരപൂരകമായി നിന്നു പ്രവർത്തിക്കുന്ന ഒരു രീതിയാണ് നമുക്കുള്ളത്. കലിധർമ്മത്തിന്റെ നിവർത്തിയ്ക്കായി ലോകത്തിന് ഗുരു കാണിച്ചുകൊടുത്ത മാതൃകയാണിത്. തൊണ്ണൂറ് അംഗങ്ങളുള്ള ഗുരുധർമ്മപ്രകാശ സഭയിലെ ഓരോ അംഗങ്ങളെയും വ്യത്യസ്തമായ ഗോത്രങ്ങളിൽ നിന്നാണ് ഗുരുപാദസേവയ്ക്കായി ദൈവം തെരഞ്ഞെടുത്തിരിക്കുന്നത്. തങ്ങളുടെ മഹിതകർമ്മത്തിലൂടെ അതാത് ഗോത്രങ്ങളുടെ ശുദ്ധിയും സന്ന്യാസവഴികളിൽ ഇന്നോളം ലോകത്തു വന്നിട്ടുള്ള പോരായ്മകളുടെ നിവർത്തിയുമാണ് ഗുരുധർമ്മപ്രകാശസഭയുടെ ലക്ഷ്യം. ഇതിന് സന്ന്യാസിമാരുടെ രക്ഷകർത്താക്കളായി പ്രവർത്തിക്കേണ്ടവരാണ് ഗൃഹസ്ഥാശ്രമികളെന്നും സ്വാമി ചൂണ്ടിക്കാട്ടി.

1973 നുശേഷം ജനിക്കുന്ന കുട്ടികൾ മുൻഗാമികളേക്കാൾ അറിവുള്ളവരായിരിക്കുമെന്ന് ഗുരു അറിയിച്ചു. അവരുടെ ഈ പ്രത്യേകതകൾ മനസിലാക്കി കുട്ടികളെ നേരായ വഴിക്ക് നയിക്കുന്നതിൽ രക്ഷിതാക്കൾ വീഴ്ച വരുത്തിയാൽ ആ ഭാഗ്യം നമുക്ക് ഉതകാതെ പോകും. കുട്ടികളെ ഗുരുവിന്റേതാക്കി വളർത്തുന്നതിനാണ് ഓരോ രക്ഷിതാക്കളും ശ്രദ്ധ വയ്ക്കേണ്ടത്. മക്കളെ ഡോക്ടറും എൻജിനീയറും ഒക്കെയാക്കാൻ വെപ്രാളപ്പെടുന്ന മാതാപിതാക്കൾ ഈ രംഗത്ത് പരാജയപ്പെട്ടാൽ പിന്നീട് ദു:ഖിച്ചിട്ട് കാര്യമില്ല. നിങ്ങളെ കാണുമ്പോൾ ലോകം എന്നെ ഓർക്കണം എന്ന് ഗുരു പറഞ്ഞു. മക്കൾക്ക് നല്ല മാതൃകകളായി മാറാൻ ഓരോ രക്ഷകർത്താക്കൾക്കും കഴിയണം. അങ്ങനെ അവരെ നയിച്ചാൽ ഏതു പ്രതിസന്ധികൾ വന്നാലും അവർ നഷ്ടപ്പെട്ടുപോവുകയില്ല. അല്ലായെങ്കിൽ ഇന്നു ലോകത്ത് കാണുന്ന ഹീനതകൾ നാളെ നമ്മുടെ വീടുകളിലേക്കും കടന്നുവരും. സ്വാമി ചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു.

ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യമായിരുന്നു. സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വിയും സംസാരിച്ചു. 9.20 ന് സത്സംഗം പ്രാർത്ഥനയോടെ ഗുരുപാദങ്ങളിൽ സമർപ്പിച്ചു.

തുടർന്നുള്ള ദിവസങ്ങളിൽ സ്വാമി നവനന്മ ജ്ഞാനതപസ്വി, സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, ഡോ. റ്റി.എസ്. സോമനാഥൻ എന്നിവർ പ്രഭാഷണം നടത്തി. സമാപനദിവസത്തെ സത്സംഗത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും.

# ഗുരുവാണി

ഈ ഭൂലോകസിദ്ധാന്തത്തിൽ എന്തൊക്കെ അബദ്ധങ്ങൾ വന്നുപോയി, ആ അബദ്ധം കർമത്തിൽ ഏതെല്ലാം തരത്തിൽ വന്നുപോയി, അവതാരപുരുഷന്മാരുടെയും അവരുടെ അനുയായികളുടെയും വഴികളിൽ എങ്ങനെയെല്ലാം ഇതു കലർന്നു കിടക്കുന്നു - ഇതൊക്കെ തിരിച്ചെടുക്കാനും നിവർത്തിക്കാനും വളരെ പ്രയാസമാണ്. എന്നാൽ ഇതൊക്കെ തിരിച്ചെടുക്കാനും നിവർത്തിക്കാനും ദൈവമായി നമുക്കൊരു വഴി തന്നിരിക്കുകയാണ്. ആ നിലയിലുള്ള ഒരു പ്രയോഗവിധിയും നമുക്കുണ്ട്. ഇത് നമ്മുടെ ജീവിതത്തിൽ സത്യമായിട്ട് അനുഭവപ്പെടുകയാണ്. ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളിൽ കാണുകയാണ്. ഇതിൽ വരാവുന്ന സത്യവും അസത്യവും തിരിച്ചെടുക്കാൻ അനുഭവസ്ഥനായ ഒരു ഗുരുവും നിങ്ങൾക്ക് ദൈവമായിട്ടു തന്നിട്ടുണ്ട്. പക്ഷേ നിങ്ങൾക്ക് ഇതെടുക്കാൻ കഴിയുന്നില്ല. ആ വഴിയിൽ എത്രയോ വളർന്നെത്തിയ മക്കൾ ഇവിടെയുണ്ട്. അവർക്കൊന്നും ഇതെടുക്കാൻ കഴിഞ്ഞിട്ടില്ല. മറ്റൊരാളെ ശീലിപ്പിക്കാനും കഴിഞ്ഞിട്ടില്ല. അഥവാ ഏതെങ്കിലും വിധത്തിൽ ഉതകിയിട്ടുണ്ടെങ്കിൽ അത് ബുദ്ധിയിൽ വച്ചാലോചിച്ച് ഇല്ലാതാക്കുകയേ ചെയ്തിട്ടുള്ളൂ. ഈ സ്ഥിതിവിശേഷം അത്യന്തം ഖേദകരമാണ്.

ഈ സ്ഥിതിവിശേഷത്തെ മാറ്റം ചെയ്യാൻ നിങ്ങൾ അച്ഛനും അമ്മയും മക്കളുമായി ഒരുമിച്ചിരുന്ന് ആലോചിക്കണം. ദൈവത്തിന്റെ ദാനമായി എനിക്കു കിട്ടിയ ഈ വിഷയം ഒരുമിച്ച് പങ്കുവച്ചുവളർത്തി ദൈവത്തിന്റെ വകയായിട്ടുതന്നെ തിരിച്ചുകൊടുക്കും എന്നൊരു നിശ്ചയം നിങ്ങൾക്കുണ്ടാകണം. എങ്ങനെ നിങ്ങളിത് ദൈവത്തിന്റെ വകയായിട്ടു കൊടുക്കും? കുറച്ചൊക്കെ നിങ്ങൾക്ക് മനസ്സിലാകുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പക്ഷേ അതിന്റെ വിലയോടെ പ്രവർത്തിക്കാൻ കഴിയുന്നില്ല. അതിനു നിങ്ങൾ ചെയ്യേണ്ടത് ഇതാണ്: എത്ര കഷ്ടപ്പെട്ടും വീടിനെ ഒരുമിപ്പിക്കുക. വീട് ഒരുമിപ്പിക്കാതെ നാടു നന്നാക്കാൻ ശ്രമിക്കരുത്. അത് ഒരിക്കലും ശരിയാവുകയില്ല. വീട്, നാട്, പിന്നെ രാജ്യം - ഈ ക്രമത്തിലായിരിക്കണം ഒരുമിപ്പിക്കലിന്റെ സ്വഭാവം. അല്ലെങ്കിൽ നമ്മൾ എന്നും ആരുടെയെങ്കിലും പിറകെ ഓടിക്കൊണ്ടിരിക്കും; രാഷ്ട്രീയക്കാരുടെ, ഏതെങ്കിലും വിധത്തിലുള്ള ഭരണരംഗത്തെ കൊള്ളക്കാരുടെ, നാം നിത്യേന കാണുകയും കേൾക്കുകയും ചെയ്യുന്ന അക്രമകാരികളുടെ പുറകെ. ശൂദ്രവർഗം മൊത്തം ഇങ്ങനെ ഓടിയോടി ജീവിതം തീർക്കുകയാണ്.

ശൂദ്രൻ എന്നാൽ പ്രത്യേക ജാതി എന്നർത്ഥമില്ല. ബ്രഹ്മജ്ഞാനത്തിന് അവകാശമില്ലാത്തവിധം കർമം ചെയ്തുപോകുന്ന, ലോകത്ത് ഏതെല്ലാം വർഗമുണ്ടോ ആ വർഗങ്ങളെയാണ് ശൂദ്രൻ എന്നുപറയുന്നത്. കൊട്ടും പാട്ടും ബഹളവും പിന്നെ ഒരു നിശ്ചിത ദിവസം വ്രതമെടുക്കലും ഇതൊക്കെക്കൊണ്ട് കർമം പൂർത്തീകരിച്ചു എന്നാണ് നമ്മുടെ ധാരണ. ഇതുകൊണ്ടൊന്നും കർമം പൂർത്തീകരിക്കാനാവില്ല എന്നുമാത്രമല്ല, ഇതൊക്കെ ആ വഴിയിലെ മുള്ളുകളുമാണ്. എത്രയോ കോടി വർഷങ്ങളായി മനുഷ്യർ അവലംബിക്കുന്ന ഭൂലോകസിദ്ധാന്തങ്ങൾ ഇങ്ങനെ അബദ്ധപ്പെട്ടുപോയിരിക്കുന്നു.

ഇതിനൊരു പ്രതിവിധിയായിട്ടാണ് ദൈവം നമുക്ക് ഈ വിഷയവും വഴിയും തന്നിരിക്കുന്നത്. പക്ഷേ ഇത് ആഗ്രഹിച്ചെടുക്കാൻ പറ്റാത്തവിധം ലോകം കൊടുംമ്പിരികൊണ്ടു നിൽക്കുകയാണ്. അങ്ങനെയുള്ള കാലത്താണ് നമ്മുടെ ജനനം. എന്നാലും നമ്മൾ പേടിക്കാനില്ല. കാരണം ശ്രീകൃഷ്ണൻ ജനിച്ച ദ്വാപരയുഗത്തെക്കാൾ നല്ലതാണ് നാം ജനിച്ച ഈ കാലം, കലി. ശ്രീകൃഷ്ണൻ ജനിച്ചത് ത്രേതായുഗം വളർന്നെത്തിയ കാലത്തിനുശേഷം വന്ന ദ്വാപരത്തിന്റെ അന്ത്യത്തിലായതുകൊണ്ട് ത്രേതായുഗത്തിന്റെയും ദ്വാപരത്തിന്റെയും ഭാഗം എങ്ങനെ ഒരുമിച്ച് നിവർത്തിക്കണം എന്നറിയാമായിരുന്നു. പക്ഷേ കൃഷ്ണൻ പരിശ്രമിച്ചിട്ടും പരമ്പരയെക്കൊണ്ട് ഇത് ചെയ്യിപ്പിച്ചെടുക്കാൻ കഴിഞ്ഞില്ല. അതിനൊരു കാരണമുണ്ട്. ഒരാളെ ജനിപ്പിച്ചാൽ ആ ആളെ വളർത്തി എത്തിച്ച്, പ്രവർത്തിപ്പിച്ചെടുക്കുന്ന ഭാഗം പിൻഗാമികളിൽക്കൂടി വളർത്തിയെടുക്കുന്ന ഒരു സത്യമുണ്ട്. ആ സത്യം വരുത്തിയെടുക്കാൻ കൃഷ്ണൻ വളരെ പണിപ്പെടുകയും ചെയ്തു. പക്ഷേ സാധിച്ചില്ല. സ്വന്തം മക്കളെ കൊലയ്ക്കുകൊടുക്കേണ്ടി വന്നിട്ടും സാധിച്ചില്ല.

## വചനദീപ്തി

**"ഗുരുവിനെ കേവലമൊരു മനുഷ്യനെന്നു കരുതരുത്. സച്ചിദാനന്ദസ്വരൂപൻ തന്നെയാണ് ഗുരുരൂപേണ വരുന്നത്."**

**ശ്രീരാമകൃഷ്ണ പരമഹംസർ**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

19.10.2018 – ജനസേവികപുരം

20. 10. 2018 – പോത്തൻകോട്

## യാമപ്രാർത്ഥന

2018 ഒക്ടോബർ 18, വ്യാഴം

## പ്രകാശപഥം

# ഗുരുധർമ്മപ്രകാശസഭ

വിജയദശമി എന്നു നാം പറയുമ്പോൾ, അനവധി സന്ന്യാസിമാരെയും പൂജാകാലങ്ങളെയുംപറ്റി ചിന്തിക്കുമ്പോൾ പുസ്തകപാരായണങ്ങളിലും അതുപോലെ ആയുധത്തിന്റെയും അങ്ങനെ പല രീതികൾ പറയും. പക്ഷെ ഇതൊക്കെ കണ്ടറിഞ്ഞു ചെയ്യുന്ന ഒരു പരമ്പര എന്ന് അവകാശപ്പെടാനായി, അഭിമാനിക്കാനും അല്ലെങ്കിൽ അതിന്റെ എല്ലാ വശങ്ങളും ആ ഗുരുവിന്റെ ഇച്ഛ അനുസരിച്ച് അല്ലെങ്കിൽ ബ്രഹ്മത്തിന്റെ ഇച്ഛ അനുസരിച്ച് ഗുരു പറഞ്ഞുതന്നതും കാണിച്ചുതന്നതുമായ പ്രകാശത്തിൽ ചെയ്യുന്നത് നമ്മുടെ പരമ്പരയാണ്. ഇതു മനസിലാക്കിയിട്ട് നാമെങ്ങനെയാണ് ഒരു പരമ്പരയെ വാർത്തെടുക്കേണ്ടത്. അതിന്റെ സമൃദ്ധിയെപ്പറ്റി പിന്നെ നമ്മൾ ആലോചിക്കുക. അങ്ങനെ ആലോചിച്ച് ഇത് പൂർത്തീകരിച്ചുപോകുന്ന വശങ്ങളുണ്ട്.

ഒരു ആശ്രമം എന്നു ധരിക്കുമ്പോൾ ആ ആശ്രമത്തിൽ നല്ലവനും കെട്ടവനും ബ്രഹ്മചാരിയും ചീത്തയും സാധുവും എന്നുവേണ്ട ഏതെല്ലാം നീചവൃത്തിയിലും നല്ലതിലുമായിട്ട് കലർന്നു കിടക്കുന്ന എല്ലാവരും, അവർക്കൊക്കെ കൊടുക്കാൻ ഈ ഗുരു സമ്പാദിച്ച ആത്മസുകൃതം അല്ലെങ്കിൽ തപശ്ചര്യയിലെ പുണ്യം അവിടെ ഉണ്ടായിരിക്കണമെന്നാണ്.

നമ്മുടെ ഗുരുവിന്റെ എത്രയോ ജന്മങ്ങളിലുള്ള ആ താപസവൃത്തിയുടെ സുഖം അല്ലെങ്കിൽ സുകൃതം, ഇവിടെ സങ്കൽപിച്ചു നിർത്തിയിരിക്കുന്നെന്ന് അനുഭവത്തിൽക്കൂടി നാമറിയുകയാണ്. ഇത് മനസിലാക്കിയിട്ട് നമ്മുടെ സകലവിധ രോഗത്തിന്റെ നിവാരണവും, സകലവിധ ശാന്തിയും സകലവിധ ഐശ്വര്യവും എങ്ങനെയാണ് നമുക്ക് ഗുരുവിനെ പ്രാർത്ഥിച്ച് കിട്ടേണ്ടതെന്ന് ചെയ്തെടുക്കുന്നതാണ്. ആദ്യ അവസരത്തിൽ ഈ വിജയദശമി ദിനത്തിൽ, ദീക്ഷാവാർഷികത്തിന്റെ കാര്യങ്ങളും ദീക്ഷ എന്താണെന്നും, ഇങ്ങനെ അനവധി കാര്യങ്ങൾ ഗുരു എന്നെക്കൊണ്ടുതന്നെ രണ്ടുമൂന്നു മാസമായി നോക്കിച്ചിരുന്നു. പക്ഷെ ഗുരുവിന് അറിയാത്തതുകൊണ്ടല്ല നോക്കിക്കുന്നത്. അത് വേറൊരു ഭാഗം. മറ്റൊരു ഭാഗത്ത് ഗുരുവിന്റെ ആത്മരൂപം നിന്നിട്ട് പറഞ്ഞുതരികയാണ്. ഇതെങ്ങനെ കൊണ്ടുപോകണം. ദീക്ഷ സ്വീകരിച്ചിരിക്കുന്ന ഓരോ വ്യക്തിയുടെയും കാര്യങ്ങൾ, അവർക്കു നല്ലതു വരുന്നതും ചീത്ത വരുന്നതും അവരുടെ ജീവനിലിരിക്കുന്ന ദോഷവശങ്ങളെപ്പറ്റിയും, അവരുടെ കർമത്തിന്റെ മറ്റൊരു ഭാഗത്തെപ്പറ്റിയും അവരത് ചെയ്ത് നിവർത്തിക്കുമോ എന്നുവരെയും എത്രയെത്ര പ്രാവശ്യം ഗുരു നോക്കിക്കുന്നു.

ഇത് ചെയ്ത അവസരത്തിൽ ഇങ്ങനെ ഒരു പേരു തന്നെ –"ഗുരുധർമ്മപ്രകാശസഭ"– എന്നെക്കൊണ്ടു നോക്കിച്ചിട്ടു തന്നെയാണ് ചെയ്തത്. ആ ബ്രഹ്മത്തിൽ നിന്നുകിട്ടിയ വാക്കുതന്നെയാണ് ആ പേര്. അശരീരിയിൽ നിന്നുകിട്ടിയ അല്ലെങ്കിൽ പ്രകാശത്തിൽ നിന്നുകിട്ടിയ വാക്കാണ് ആ സഭയ്ക്കുതന്നെ ഗുരു ഇട്ടത്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# നവരാത്രി - വിജയദശമി സങ്കല്പം

അനുഭൂതിയിലൂടെ അറിവിനെ സാക്ഷാത്കരിക്കുക. ആ അറിവ് നമ്മെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് ആനയിക്കും. പൗരാണിക ഋഷിമാർ ആവിഷ്കരിച്ച ഒരു നിഗൂഢാത്മക സാധനാപദ്ധതിയാണിത്. അറിവിന്റെ ഉന്നതിയിലേക്ക് മനുഷ്യനെ നയിക്കുക എന്നതാണ് നവരാത്രി സങ്കല്പം. ശരത്കാലം ആരംഭിക്കുന്നത് കന്നിമാസത്തിലെ അമാവാസി കഴിഞ്ഞ് പ്രഥമ മുതലാണ്. പ്രഥമ മുതൽ നവമി വരെയുള്ള ഒൻപത് ദിവസങ്ങൾ പ്രാർത്ഥനാസങ്കല്പങ്ങളുടെ കാലമാണ്. ബ്രഹ്മചൈതന്യം പ്രാർത്ഥനയിലൂടെ കടന്നുവരുന്ന അപൂർവ്വസന്ദർഭങ്ങളിലൊന്നാണിത്.

സന്ന്യാസി, സംഗീതജ്ഞൻ, കവി, ശില്പി ഇവരൊക്കെ സാധകന്മാരാണ്. അവരവരുടെ കർമ്മമേഖലയിലൂടെ അവർ സാക്ഷാത്കരിക്കുന്നത് ഈശ്വരനെയാണ്. ഈശ്വരന്റെ വിവിധ തലങ്ങളെയും ഭാവങ്ങളെയുമാണ്. പ്രാർത്ഥനയിൽ മുഴുകി അറിവ് കൈവരുമ്പോൾ ആദ്യം പ്രസാദമായി ലഭിക്കുന്നത് ഈശ്വരന്റെ കനിവാണ്. ആ കനിവിന്റെ സ്വരൂപം പ്രകാശമാണ്.

വിശ്വാസവും ഭാവനയും കർമ്മമേഖലയിൽ ഉന്നതമായ സിദ്ധിയും കൈവരിക്കുമ്പോൾ അവ തപസ്സായിത്തീരും. സന്ന്യാസിമാർ ഏത് കർമ്മവും തപസ്സായി കാണുന്നവരാണ്. എഴുത്തും വായനയും സംഗീതവുമെല്ലാം സാധനയാണ്. താൻ ഏർപ്പെടുന്ന കർമ്മലോകത്തെ ദൈവത്തിലേക്ക് അനുപ്രവേശിക്കാനുള്ള ഉപായമാണ് സാധന. തന്റെ കർമ്മമേഖലയിലൂടെ തന്റെ കർമ്മമോചനം പ്രാപിക്കുകയും ചെയ്യാം. മോചനം നേടാൻ കർമ്മം വെടിയേണ്ട ആവശ്യമില്ലെന്നർത്ഥം.

കർമ്മമേഖലയും അവിടത്തെ സൂക്ഷ്മഭാവങ്ങളും അവയ്ക്കിടയിലുള്ള ഉപാധികളും എല്ലാം ചേർന്ന് അദൃശ്യമായ ഒരു പാരസ്പര്യമുണ്ട്. ആ പാരസ്പര്യമാണ് വിജയത്തിന്റെ അടിസ്ഥാനം.

അറിവിന്റെ വിമലമായ ലോകവുമായി ഓരോ ഭാവങ്ങളും ബന്ധപ്പെട്ടുകിടക്കുന്നു. ശക്തിയുടെ ഉറവിടം വാക്കാണ്. വാക്കിന്റെ അഥവാ ഉപദേശത്തിന്റെ അനുഗ്രഹമുണ്ടായാൽ ഉപാസകനിൽ അഗ്നി പൂർണ്ണദീപ്തിയോടെ പരിലസിക്കും. കാരണം വാക്ക് ശക്തിയാണ്; പ്രസാദമാണ്.

വാക്ക് പ്രദാനം ചെയ്യപ്പെടുന്നതോടുകൂടി നമ്മുടെ ഉള്ളിലുള്ള രാഗങ്ങളും മറ്റ് ആസുരശക്തികളും ഹനിക്കപ്പെടും. അപ്പോൾ യഥാർത്ഥമായ അറിവ് ഉത്ഭവിക്കും. സർവ്വചൈതന്യങ്ങളും ഒത്തുചേർന്ന ഈശ്വരശക്തി പരിലസിക്കാൻ തുടങ്ങും. സമസ്ത കർമ്മമണ്ഡലങ്ങളിലും വിരാജിക്കുമ്പോഴും ആത്മപ്രഭ ഒളിചിതറുന്നവനായിത്തീരും. ബ്രഹ്മചര്യാശ്രമത്തിൽ അറിവിന്റെ പ്രകാശം കൈവരുന്നു. ഗൃഹസ്ഥാശ്രമത്തിൽ സമസ്ത ദോഷങ്ങളും അകന്ന സത്സന്താനങ്ങളെ പ്രദാനം ചെയ്യുന്നു. ജീവിക്കാൻ ആവശ്യമായ സമ്പത്തുകൾ കൈവരുന്നു. സമ്പത്ത് അറിവിനെ ആശ്രയിച്ചാണിരിക്കുന്നത്. സന്ന്യാസിയാകട്ടെ സർവ്വപ്രാണികളുടെയും നന്മയ്ക്കുവേണ്ടി സ്വന്തം അറിവിനെ ഉപയോഗിക്കും. അപ്പോൾ സന്ന്യാസി ജ്ഞാനം സ്വായത്തമാക്കി ദിവ്യലോകങ്ങൾ സാക്ഷാത്കരിക്കും.

അറിവുകളെല്ലാം പരമ്പരാപ്രോക്തങ്ങളാണ്. ആത്മാവിൽ വിശേഷശക്തികളെ ഉണർത്തിക്കാണുന്നതാണ് യഥാർത്ഥ അറിവ്. അതിന് ഗുരു കൂടിയേ കഴിയൂ. ആരാണ് ഗുരു? അത്യന്തം വിമലവും വിശാലവുമായ ഹൃദയത്തോടെ, തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അനുഭവത്തിലൂടെ അറിവ് പ്രദാനം ചെയ്യുന്ന അറിവിന്റെ മഹാനിധിയാണ് ഗുരു. ഗുരുവിന്റെ പാദാന്തികത്തിൽ സ്വന്തം ശിരസ്സും ബുദ്ധിയും കർമ്മവും ധർമ്മവും സമർപ്പിക്കാനുള്ള മനസ്സും അറിവുമാണ് ഏറ്റവും പ്രധാനം. മനസ്സ്, ബുദ്ധി, ചിത്തം, ഞാനെന്ന ഭാവം എന്നിവയിൽ മഹിതഗുണങ്ങളുണർത്തണം. അപ്പോൾ അശുഭങ്ങളായ ഗുണങ്ങൾ മാറിപ്പോകും. നിധികളുടെ കേദാരമായ നിധിപതിയാണ് ഗുരു. സകല അറിവുകളും സകല പുണ്യങ്ങളും സകല ഭാഗ്യങ്ങളും ആ നിധിയിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആ അറിവിന്റെ നിധികളെല്ലാം ആന്തരധമനികളിൽ കോരിനിറച്ച് അറിവിന്റെ മഹാമസ്തിഷ്കം രൂപപ്പെടുത്താനും ഗുരുവിനെ ഹൃദയത്തിൽ സാക്ഷാത്കരിക്കാനും കഴിയുക എന്നതാണ് ശാന്തിഗിരിയുടെ നവരാത്രി വിജയദശമി സങ്കല്പം. ഈ സങ്കല്പം ശാന്തിഗിരി സന്ന്യാസദീക്ഷാസങ്കല്പമായി പരിണമിപ്പിക്കാൻ ഗുരുവിശ്വാസികൾക്കും ഗുരുധർമ്മപ്രകാശസഭയിലെ ഓരോ അംഗത്തിനും കഴിയുമാറാകട്ടെ.

# സിദ്ധ അലോട്ട്മെന്റ് ആരംഭിച്ചു

**ഹെൽത്ത്കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളജിലെ സിദ്ധ കോഴ്സിലേക്കുള്ള അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. അലോട്ട്മെന്റിൽ പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തണം. കൺഫർമേഷനെ തുടർന്ന് സിദ്ധ കോളേജിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുമുള്ള സൗകര്യം വെബ് സൈറ്റിൽ നാളെ മുതൽ പതിനാലിന് വൈകിട്ട് അഞ്ചു വരെ ലഭ്യമാകും. അലോട്ട്മെന്റ് ഒക്ടോബർ 15 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഫീസ് ഈ മാസം 16 മുതൽ 20 വരെ ഹെഡ് പോസ്റ്റ് മുഖാന്തിരമോ ഓൺലൈൻ പേമെന്റ് വഴിയോ അടച്ച് 20 നു വൈകിട്ട് അഞ്ചിന് മുൻപായി കോളേജിൽ പ്രവേശനം നേടണം.

**വിശദവിവരങ്ങൾക്ക് – 8111882304, 8111882281**



*ഒക്ടോബർ 11 ന് നടന്ന സത്സംഗത്തിൽ സ്വാമി നവനന്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തുന്നു*

# സന്ന്യാസത്തിന്റെ ഭാവാന്തരം

നൈതിക മനസ്സിന്റെ സ്വയംസൃഷ്ടിയാണ് സന്ന്യാസത്തിന്റെ യോഗ്യത. ആത്മബോധം ഉള്ളിൽ തെളിയുമ്പോഴുണ്ടാകുന്ന ഭാവാന്തരത്തിലൂടെയാണ് സന്ന്യാസത്തിന്റെ ആന്തരപരിണാമം സംഭവിക്കുന്നത്. എവിടെനിന്നു വരുന്നു എന്ന് പറയാനാവാത്ത കാറ്റിനെപ്പോലെ ഒരു സന്ന്യാസിയുടെ അന്തരംഗത്തിൽ ജ്ഞാനസ്പന്ദനം എങ്ങുനിന്നോ എങ്ങനെയോ സംഭവിക്കുന്നു. സ്വയംഭൂവായ ആ പ്രകാശത്തിന്റെ ഉടമയായിരിക്കണം ഒരു സന്ന്യാസി.

ഒരു സന്ന്യാസി സ്വന്തം ആത്മാവിന്റെ സാക്ഷിയുടെ അനുഗ്രഹത്തിനനുസരിച്ച് മാത്രമെ പ്രവർത്തിക്കാവൂ, ജീവിക്കാവൂ. ഒരു സന്ന്യാസിയുടെ ധർമ്മം അതാണ്. നിസ്സംഗനായിരിക്കട്ടെ, അനുഭാവിയായിരിക്കട്ടെ, അന്യദുഃഖം അറിയുന്നവനാകട്ടെ, എല്ലാവരുടെയും ഉള്ളറിയുന്നവനാകട്ടെ, വേദനകളെ പ്രകൃതിയുടെ സർവാത്മ കവീക്ഷണത്തിൽ കാണുന്നവനാകട്ടെ, സ്ഥലകാലങ്ങളെ അംഗീകരിക്കുന്നവനാകട്ടെ, സ്ഥലകാലങ്ങളുടെ അപ്പുറത്ത് ജീവിക്കുന്നവനാകട്ടെ 'അർഹതയുള്ളവൻ അതിജീവിക്കും' എന്നത് പ്രകൃതിയുടെ നീതിയാണ്. പ്രകൃതി, നീതി കാണിക്കുന്നത് ശക്തിയുള്ളവനോട് മാത്രം. ഇത് നിയാമക സത്യമാണ്.

ഭരണാധിപൻ നല്ലവനായിരിക്കാം. സ്ഥാനത്തിന്റെയും ആഡംബരത്തിന്റെയും താമരയല്ലികൾ ആസ്വദിക്കുന്നവനാകാം. പക്ഷെ നായകൻ സന്ന്യാസിയായിരിക്കണം. നായകനായ സന്ന്യാസി ജ്ഞാനിയായിരിക്കണം. ബഹുമുഖ പ്രതിഭയായിരിക്കണം ഒരു സന്ന്യാസി. ലൗകികകാര്യങ്ങളിൽ അറിവുള്ളവനായിരിക്കണം. അവന്റെ കൈയും കാലും നാവുമൊക്കെ ഘോരമായി പ്രവർത്തിക്കണം. പക്ഷെ പ്രവർത്തിപ്പിക്കുന്ന ചൈതന്യം നിഷ്പന്ദമായ ആത്മാവിന്റേതായിരിക്കണം. ഇവിടെയാണ് ബഹുമുഖ പ്രതിഭയായ സന്ന്യാസി പ്രസക്തനാകുന്നത്. ഈ പ്രസക്തനായ സന്ന്യാസി ഒരു മഹാഗുരുവിന്റെ പിന്നാളനായി നിന്നുകൊണ്ട് സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കണം. അതേസമയം തന്നെക്കുറിച്ച് സ്വയം ബോധ്യപ്പെടാനുമാകണം. താൻ ജീവിതത്തിൽ തന്നോടും ദൈവത്തോടും ചരാചരങ്ങളോടും സത്യസന്ധത പുലർത്തുകയും വേണം.

സന്ന്യാസി ത്യാഗിയാണ്. പക്ഷെ ആ ത്യാഗം പ്രവൃത്തിയല്ല. അതൊരു സംഭവിക്കലാണ്. ഔപചാരികവും അനൗപചാരികവുമായ ജീവിതത്തിന്റെ അഗാധതയിലെ സമന്വയമാണ് സന്ന്യാസം.

'ഉത്തരേതാത്മനാത്മാനം' എന്ന് ഉപനിഷത് പറയുന്നു. നീ നിന്റെ വിളക്കാകുന്നു എന്ന് ശ്രീബുദ്ധൻ ഉപദേശിച്ചതും സന്ന്യാസത്തിന്റെ ഭാവാന്തരത്തെ സംബന്ധിച്ചാണ്. ശരീരവും മനസ്സും ബുദ്ധിയും ഹൃദയവും ധർമ്മത്തിന്റെ നിത്യസംഭരണിയാവുന്ന അവസ്ഥയാണത്. അപ്പോഴാണ് ആത്മാവ് കരുണാപൂരിതമാവുന്നത്. ചിത്തം സനാതനഗതിയാവുന്നത് ഈ അവസ്ഥയിലാണത്രെ. ഈ അവസ്ഥയിലെത്തിയ സന്ന്യാസിമാരുടെ പാദങ്ങളെ ദേവന്മാർ പോലും പൂജിക്കുന്നു.

പൂജാർഹരായ ഈ സന്ന്യാസിമാരുടെ വാക്കുകൾ വിത്തുകൾ പോലെയാകുന്നു. ആ വാക്ബീജം മറ്റൊരു മനസ്സാകുന്ന ഭൂമിയിൽ പതിച്ചാൽ സവിശേഷമായ രൂപത്തിൽ അതിന് പരിണാമം സംഭവിക്കും.


*ഹൃദയകുമാരി പുരസ്കാരം ഏറ്റുവാങ്ങുന്നു*

# പി. ഹൃദയകുമാരിക്ക് രണ്ടാം സ്ഥാനം

**ചെന്നൈ:** ചെന്നൈയിൽ വച്ചു നടന്ന സിദ്ധ ദേശീയ കോൺഫ്രൻസിൽ ഓറൽ പ്രസന്റേഷൻ വിഭാഗത്തിൽ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പി. ഹൃദയകുമാരി രണ്ടാം സ്ഥാനം കരസ്ഥമാക്കി. സിദ്ധ വൈദ്യത്തിന്റെ ആഗോള സ്വീകാര്യത – സാദ്ധ്യതയകളും വെല്ലുവിളികളും എന്ന വിഷയത്തിൽ നടന്ന ദ്വിദിന സെമിനാറിൽ നവ ഉപ്പ് മെഴുകിന്റെ ഫലപ്രാപ്തിയും സ്ട്രോക്ക് മാനേജ്മെന്റും സംബന്ധിച്ച് നടത്തിയ പ്രസന്റേഷനാണ് രണ്ടാം സ്ഥാനത്തിന് അർഹത നേടിയത്. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ ബിഎസ്എംഎസ് അവസാന വർഷ വിദ്യാർത്ഥിയായ കോഴിക്കോട് സ്വദേശിനി പി. ഹൃദയകുമാരി, പറമ്പിൽ ബസാർ 'ഗുരുദീപ്തി'യിൽ റ്റി.പി. പവിത്രന്റെയും പി.സി. മഞ്ജുളയുടെയും മകളാണ്.


*ഒക്ടോബർ 7 നു നടന്ന ഗൃഹസ്ഥാശ്രമസംഘം പൊതുയോഗത്തിൽ നിന്ന്*

# ഗൃഹസ്ഥാശ്രമസംഘം പൊതുയോഗം

**റിസർച്ച് സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ഒക്ടോബർ ഏഴാം തീയതി രാവിലെ 7.30 ന് റിസർച്ച് സോൺ കമ്മ്യൂണിറ്റി ഹാളിൽ വച്ച് നടന്നു. ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സന്ന്യാസദീക്ഷാവാർഷികത്തിന്റെ അന്തഃസത്തയും ഗൗരവവും ഉൾക്കൊണ്ട് എല്ലാവരും വ്രതനിഷ്ഠയോടെ പ്രാർത്ഥിക്കണമെന്ന് സ്വാമി പറഞ്ഞു. ഗുരുവിന്റെ സ്ഥാനം ശിഷ്യന്റെ ഹൃദയത്തിലും ശിഷ്യന്റെ സ്ഥാനം ഗുരുവിന്റെ മടിത്തട്ടിലുമാണെന്നാണ് ഗുരു അരുളിച്ചെയ്തത്. ഭക്തന് ഗുരുവിന്റെ അടുത്ത് അതിരുകളില്ല. ഗൃഹസ്ഥാശ്രമി സന്ന്യാസിക്ക് ഒരുപടി മുന്നിലും സന്ന്യാസി ഗൃഹസ്ഥാശ്രമിക്ക് ഒരുപടി മുന്നിലുമാണ്. ഈ പരമ്പരയിലുള്ള എല്ലാവരും സന്ന്യാസിമാരുടെ രക്ഷകർത്താക്കളാണെന്നും സ്വാമി ചൂണ്ടിക്കാട്ടി.

വ്രതദിവസങ്ങളിൽ സന്ന്യാസിസംഘം ഗുരുവിന്റെ പീഠമുറിയിൽ പ്രാർത്ഥിച്ചുതുടങ്ങുന്നതു മുതൽ പ്രാർത്ഥനാലയത്തിൽ പത്തുതവണ വലം വച്ച് പ്രാർത്ഥിക്കുന്നതുവരെയുള്ള സമയം രാവിലെയും വൈകിട്ടും എല്ലാവരും പങ്കെടുത്ത് ശക്തമായി പ്രാർത്ഥിക്കണമെന്നും സത്സംഗങ്ങളിൽ എല്ലാ യൂണിറ്റിന്റെയും പ്രാതിനിധ്യം ഉണ്ടാകണമെന്നും സ്വാമി പറഞ്ഞു. യോഗത്തിൽ ഡോ. കെ. ആർ.എസ്. നായർ, വി.എൻ. ഗോപാലകൃഷ്ണൻ, പി.പി. ബാബു, കോസല വി. കെ., ഗുരുനിശ്ചിത യു എന്നിവരും സംസാരിച്ചു. ശാന്തിഗിരി ജംഗ്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 27 ന് ജന്മഗൃഹ തീർത്ഥയാത്ര നടക്കുമെന്നും പി.എം.എസ്. ഡെന്റൽ കോളേജ് ഫാമിലി ഹെൽത്ത് കാർഡ് ഗൃഹസ്ഥാശ്രമസംഘം ഓഫീസിൽ നിന്നും ലഭിക്കുന്നതാണെന്നും യോഗത്തിൽ അറിയിക്കുകയുണ്ടായി.


## നവപൂജിതം സുവനീർ

നവപൂജിതം സുവനീർ ശാന്തിഗിരി പബ്ലിക്കേഷൻ കൗണ്ടറുകളിൽ നിന്ന് ഒക്ടോബർ 19 മുതൽ ലഭ്യമാണ്.



ഗുരുചരണം ശരണം

## പ്രാർത്ഥനയോടെ

**ഷാജി കെ.എം.**
**ആര്യാ മുരളി**
**ഗുരുചിന്തിത**
അരിയാട്ടുവീട്
അത്തോളി,
കോഴിക്കോട്

# ഡോ. കെ. ജഗന്നാഥൻ സിദ്ധ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ


ഡോ. കെ. ജഗന്നാഥൻ

**തൃശൂർ:** പുതുതായി രൂപീകരിച്ച കേരള ആരോഗ്യ സർവകലാശാലയുടെ സിദ്ധ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായി ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ അക്കാദമിക് വിഭാഗം വൈസ് പ്രിൻസിപ്പൽ ഡോ. കെ. ജഗന്നാഥനെ തെരഞ്ഞെടുക്കപ്പെട്ടു. സിദ്ധ മെഡിക്കൽ കോളേജിലെ തന്നെ വൈസ് പ്രിൻസിപ്പൽ പി. ഹരിഹരനെ അദ്ധ്യാപക പ്രതിനിധിയായും അംഗങ്ങളായി ഡോ. വി.ബി. വിജയകുമാർ, ഡോ. എൻ. കബിലൻ, ഡോ. ജി. മോഹനാംബിംഗൈ, ഡോ. ഡി.രാജശേഖർ, ഡോ. യു. സൗന്ദരപാണ്ഡ്യൻ, എൻ. ഷീജ എന്നിവരെയും തെരഞ്ഞെടുത്തു.

സംസ്ഥാനത്തെ സിദ്ധ കോഴ്സിന്റെ സിലബസ്, പരീക്ഷകൾ, അനുബന്ധ അക്കാദമിക് വിഷയങ്ങൾ എന്നിവ സംബന്ധിച്ച് ഗവേണിംഗ് കൗൺസിലിന് ശുപാർശ ചെയ്യേണ്ടതും കോഴ്സിന്റെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ബോർഡിന്റെ ചുമതലയാണ്. യൂണിവേഴ്സിറ്റി പരീക്ഷയുമായി ബന്ധപ്പെട്ട് എക്സാമിനറെ ചുമതലപ്പെടുത്തുന്നത് മുതൽ മുഴുവൻ കാര്യങ്ങളിലും ബോർഡ് ഓഫ് സ്റ്റഡീസിന് ഉത്തരവാദിത്തമുണ്ട്. മൂന്നു വർഷമാണ് ബോർഡിന്റെ കാലാവധി.

## ബോർഡ് അംഗങ്ങൾ


ഡോ.പി. ഹരിഹരൻ


ഡോ. വി.ബി. വിജയകുമാർ


ഡോ. എൻ. കബിലൻ


ഡോ.ജി. മോഹനാംബിഗൈ


ഡോ.ഡി. രാജശേഖർ


ഡോ.യു. സുന്ദരപാണ്ഡ്യൻ


എൻ. ഷീജ

# ശാന്തിഗിരി ഭഗിനി നികേതൻ കറിപൗഡർ യൂണിറ്റിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ്

**ഹെൽത്ത്കെയർ സോൺ :** ശാന്തിഗിരി ഭഗിനി നികേതൻ കറിപൗഡർ യൂണിറ്റിന് ഐഎസ്ഒ സർട്ടിഫിക്കറ്റ് ലഭിച്ചു. ഉൽപ്പന്നങ്ങളുടെ അന്താരാഷ്ട്ര ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള എച്ച്.എ.സി.സി.പി -ഐഎസ്ഒ 22000: 2005 സർട്ടിഫിക്കറ്റ് ആണ് ഭഗിനി നികേതൻ കറിപൗഡർ യൂണിറ്റിന് ലഭിച്ചിരിക്കുന്നത്. സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി 1984 ലാണ് ഗുരു, ഭഗിനി നികേതന് തുടക്കം കുറിച്ചത്. ഇന്ന് അന്താരാഷ്ട്ര ഗുണനിലവാരമുള്ള നിരവധി ഉത്പന്നങ്ങൾ ശാന്തിഗിരി ഭഗിനി നികേതൻ വിപണിയിൽ വിതരണം ചെയ്തുവരുന്നു.

ശാന്തിഗിരി ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെന്റിനുകീഴിൽ പ്രവർത്തിക്കുന്ന ഭഗിനി നികേതൻ മല്ലിപ്പൊടി, മുളകുപൊടി, മഞ്ഞൾപ്പൊടി, കൂട്ടു മസാലകൾ എന്നിവ കൂടാതെ ശാന്തിഗിരി ഹണി എന്നിവയും ഉല്പാദിപ്പിക്കുന്നുണ്ട്. സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഭഗിനി നികേതൻ ഉൽപന്നങ്ങൾ ലഭ്യമാണ്. നേരിട്ടുള്ള മാർക്കറ്റിംഗും ഓൺലൈൻ മാർക്കറ്റിംഗും നടത്തിവരുന്നു. ഡിസ്ട്രിബ്യൂട്ടേഴ്സ് വഴിയും വിവിധ ജില്ലകളിൽ ശാന്തിഗിരി ഭഗിനി നികേതൻ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നുണ്ട്.




# തിരുവനന്തപുരം വിമാനത്താവളത്തിൽ ശാന്തിഗിരി ഹെർബൽ ഗാർഡൻ

**തിരുവനന്തപുരം:** ഡൊമെസ്റ്റിക് എയർപോർട്ടിൽ ശാന്തിഗിരി അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഹെർബൽ ഗാർഡൻ ഒരുക്കുന്നു. പ്രവേശന കവാടത്തിനു സമീപമാണ് അരയേക്കറോളം വരുന്ന സ്ഥലത്ത് ഗാർഡൻ ഒരുക്കുന്നത്.

150 ൽപ്പരം ഔഷധസസ്യങ്ങൾ വച്ചു പിടിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നക്ഷത്രവനം, നടപ്പാത, പർഗോള, ഓപ്പൺ ആംഫി തീയേറ്റർ എന്നിവയും ഇതോടനുബന്ധിച്ച് ഉണ്ടാകും. പ്രോജക്റ്റിന്റെ ആദ്യഘട്ടം ഒക്ടോബർ 17 ന് ഉദ്ഘാടനം ചെയ്യും. ശാന്തിഗിരി അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് ആവശ്യക്കാർക്ക് പൂന്തോട്ടവും ഔഷധതോട്ടവും ഒരുക്കി നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട നമ്പർ: **8111882366.**


*'കാരുണ്യത്തിന്റെ നിറവ്' എന്ന പുസ്തകം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രന് സമ്മാനിക്കുന്നു*

ഗുരുചരണം ശരണം

**പ്രാർത്ഥനയോടെ**

**മനോജ്കുമാർ**
**ധന്യ മനോജ്കുമാർ**
**ജനശ്രീ**
**ശാന്തശ്രീ**
'ഗുരുപുഷ്പം'
സ്നേഹപുരം.




# റേഷൻ കാർഡ് അസാധുവാകാതിരിക്കാൻ

**റിസർച്ച് സോൺ:** തുടർച്ചയായി മൂന്നു മാസം വിരൽ പതിച്ച് സാധനങ്ങൾ വാങ്ങാത്തപക്ഷം റേഷൻ കാർഡ് അസാധുവാകുന്നതാണെന്ന് അധികൃതർ അറിയിച്ചു. അതിനാൽ റേഷൻ കാർഡ് ഉള്ളവർ എല്ലാ മാസവും റേഷൻ കടയിൽ പോയി ഇ പോസ് മെഷീനിൽ വിരൽ പതിച്ച് സാധനങ്ങൾ വാങ്ങി റേഷൻ കാർഡ് നിലനിർത്താൻ ശ്രമിക്കണം. കാർഡിൽ അംഗങ്ങളായിട്ടുള്ളവരിൽ ഒരാളുടെ വിരൽ പതിച്ചാൽ റേഷൻ കടയിൽ നിന്നും സാധനങ്ങൾ വാങ്ങാനാകും. പോർട്ടബിലിറ്റി ഉള്ളതിനാൽ ഏതു സ്ഥലത്തുള്ള റേഷൻ കടയിലും വിരൽ പതിച്ച് സാധനങ്ങൾ വാങ്ങാവുന്നതാണ്. റേഷൻ കാർഡ് വളരെ വിലപ്പെട്ട ഡോക്യുമെന്റുകളിൽ ഒന്നായതിനാലും പുതിയത് എടുക്കുവാൻ ഏറെ സമയവും നടപടിക്രമങ്ങളും വേണ്ടിവരും എന്നതിനാലും കാർഡ് നഷ്ടപ്പെടാതിരിക്കാൻ ഏവരും ശ്രദ്ധിക്കണമെന്നും അറിയിച്ചിട്ടുണ്ട്.

# കർഷക കൂട്ടായ്മ നാളെ

**റിസർച്ച് സോൺ:** ശാന്തിഗിരി കർഷക സഹായകേന്ദ്രത്തിൽ വച്ച് (ഒന്നാം ഗേറ്റിനു സമീപം) ഒക്ടോബർ 15 തിങ്കളാഴ്ച രാവിലെ പത്തു മണിക്ക് കർഷക കൂട്ടായ്മ സംഘടിപ്പിക്കും. യോഗത്തിൽ സംസ്ഥാന കാർഷിക കോളേജിലെ വിദഗ്ദ്ധ സംഘം കർഷകർക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതാണ്. കാർഷിക കോളേജിലെ അഗ്രോ ക്ലിനിക്കിന്റെ സൗജന്യ മണ്ണു പരിശോധനയും ഉണ്ടായിരിക്കും.

Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala